88750
2/8/4/18

# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കുടുംബത്തിന്റെ ഒരുമിച്ചുള്ള ആത്മഹത്യയെ അതിജീവിച്ച മകൾ വൈഷ്ണവിക്ക് 5 ലക്ഷം രൂപ ധനസഹായം അനുവദിച്ചും സാമൂഹ്യനീതി വകുപ്പ് മുഖേന കുട്ടിയെ **'സ്നേഹപൂർവ്വം'** പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

## റവന്യൂ (ഡി.ആർ.എഫ്. - സി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ : 164/2018/റവ. തിരുവനന്തപുരം, തീയതി, 26.04.2018.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**പരാമർശം:- തൃശ്ശൂർ ജില്ലാ കളക്ടറുടെ 28.03.2017-ലെ കെ3/16649/2017 നമ്പർ കത്ത്.**

## ഉത്തരവ്

തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ കടങ്ങോട് വില്ലേജിൽ കൊട്ടാലിപറമ്പിൽ സുരേഷ് (37 വയസ്സ്) എന്നയാൾ 27.03.2017-ന് ഭാര്യയ്ക്കും 3 പെൺമക്കൾക്കും വിഷം നൽകിയതിനു ശേഷം വീട്ടുമുറ്റത്തെ കിണറ്റിൽ എറിയുകയും തുടർന്ന് സുരേഷ് വീട്ടുമുറ്റത്തുള്ള മാവിൽ തൂങ്ങിമരിക്കുകയും ചെയ്തു. ടി സംഭവത്തിൽ സുരേഷിന്റെ ഭാര്യ ധന്യ (34 വയസ്സ്), മകൾ വൈശാഖി (8 വയസ്സ്), വൈഗ (6 വയസ്സ്) എന്നിവർ മരണപ്പെടുകയും മറ്റൊരു മകൾ വൈഷ്ണവി (8 വയസ്സ്) രക്ഷപ്പെടുകയും ചെയ്തു.

2. സുരേഷിന് മുൻപ് ഡിസ്കിന് രോഗം ബാധിച്ചതിനെ തുടർന്ന് രണ്ട് ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ടെന്നും സാമ്പത്തിക ബാധ്യതയാണ് ആത്മഹത്യക്ക് കാരണമെന്നും തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തു. കെട്ടിട നിർമ്മാണ തൊഴിലാളിയായിരുന്ന സുരേഷ് അസുഖബാധിതനായ ശേഷം ലോട്ടറി വിൽപ്പന നടത്തിവരികയായിരുന്നു. മരണപ്പെട്ട സുരേഷിന് പിതാവും (90 വയസ്സ്) ഒരു സഹോദരനും 4 സഹോദരിമാരുമുണ്ട്. ഭാര്യ ധന്യയുടെ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ട്.

3. വൈഷ്ണവിയുടെ സംരക്ഷണം സംബന്ധിച്ച് സുരേഷിന്റെ സഹോദരൻ ശ്രീ. മണികണ്ഠനും (45 വയസ്സ്) സുരേഷിന്റെ ഭാര്യാപിതാവ് കളരിക്കൽ അയ്യപ്പൻ (60 വയസ്സ്) എന്നയാളും അവകാശം ഉന്നയിക്കുന്നുണ്ട്. വൈഷ്ണവി പാറപ്പുറം ഗവൺമെന്റ് എൽ.പി. സ്കൂളിൽ 3-ാം ക്ലാസ്സിൽ പഠിക്കുന്നു. ശ്രീ. മണികണ്ഠന്റെ വസതിയിലാണ് വൈഷ്ണവി ഇപ്പോൾ താമസിക്കുന്നത്. കുട്ടിയുടെ സംരക്ഷണം സംബന്ധിച്ച് അവകാശ തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ ആവശ്യമായ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും സമാശ്വാസ സഹായം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ പരാമർശ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, ദേശസാത്കൃത ബാങ്കിൽ കുമാരി വൈഷ്ണവിയുടെ പേരിൽ സ്ഥിരനിക്ഷേപത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5,00,000/- രൂപ (അഞ്ചുലക്ഷം രൂപ മാത്രം) തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക കുമാരി വൈഷ്ണവിയുടെ പേരിൽ സ്ഥിരനിക്ഷേപം നടത്തുന്നതിനുള്ള അടിയന്തിര നടപടി തൃശ്ശൂർ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതും നിക്ഷേപത്തിന്റെ പലിശ കുട്ടിയുടെ സംരക്ഷകന് ലഭിക്കത്തക്ക വിധത്തിൽ വ്യവസ്ഥ

ചെയ്യേണ്ടതുമാണ്. സാമൂഹ്യനീതി വകുപ്പ് മുഖേനയുള്ള **'സ്നേഹപൂർവ്വം'** പദ്ധതിയിൽ കുട്ടിയെ ഉൾപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടി ടി വകുപ്പ് സ്വീകരിക്കണമെന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. വിതരണത്തിനാവശ്യമായിവരുന്ന തുക *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും ജില്ലാ കളക്ടർ സ്വീകരിച്ച നടപടി ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച്. കുര്യൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

ജില്ലാ കളക്ടർ, തൃശ്ശൂർ
തഹസിൽദാർ, തലപ്പിള്ളി
ധനകാര്യ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
സാമൂഹ്യ നീതി വകുപ്പ് (അനന്തര നടപടികൾക്കായി മന്ത്രിസഭാ യോഗ തീരുമാനത്തിന്റ പകർപ്പ് സഹിതം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.